**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3540** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സ്വാശ്രയ മേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സ്വാശ്രയ മേഖലയിലെ അധ്യാപകരു ടെയും ജീവനക്കാരുടെയും യോഗ്യതയും മറ്റ് സേവന വ്യവസ്ഥകളും സംബ ന്ധിച്ച് നിയമനിർമ്മാണം (2021-ലെ സ്വാശ്രയ കോളേജ് അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ - നിയമനവും സേവന വ്യവസ്ഥകളും ആക്ട്) നടത്തിയിട്ടുണ്ട്. അധ്യാപക നിയമന ങ്ങൾക്ക് UGC/AICTE യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. UGC/AICTE മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃത മായിട്ടാണ് വിവിധ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടെ കരിക്കുലം രൂപീകരിക്കു ന്നത്. പ്രൊഫഷണൽ രംഗത്തെ സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (NBA), നാക്ക് (NAAC) അസസ്സ്മെന്റ് അക്രഡിറ്റേഷൻ എന്നിവ പ്രയോജന പ്പെടുത്തുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലെ സ്റ്റേറ്റ് അസസ്സ്മെന്റ് & അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>സ്വാശ്രയ മേഖലയിൽ കോളേജ്, കോഴ്സ്, സീറ്റ് വർദ്ധനവ് എന്നിവ അനുവദിക്കുമ്പോൾ സർവ്വകലാശാല തലത്തിൽ നിന്ന് ഇൻസ്പെക്ഷൻ നടത്തി ഗുണമേൻമ ഉറപ്പ് വരുത്താറുണ്ട്. കൂടാതെ നിലവിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ കോളേജു കളിലും പ്രത്യേകം ഇൻസ്പെക്ഷൻ സർവ്വകലാശാലകൾ നടത്താറുണ്ട്. സ്വാശ്രയ മേഖലയിലെ കോളേജു കളുടെ പഠന ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് ടി കോളേജുകൾക്ക് ഓരോ അദ്ധ്യയന വർഷവും അഫിലിയേഷൻ പുതുക്കി നൽകുന്നത്. |

സെക്ഷൻ ഓഫീസർ